II ഇ.ബി. XII കേരള നിയമസഭ/XV-21

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

## 2010 ജൂലൈ 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

71 (*601) **ജീവനക്കാർക്ക് അവാർഡ്**

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, കഴിഞ്ഞ വർഷം വൻ നികുതി വെട്ടിപ്പ് കണ്ടെത്തിയ ഇന്റലിജൻസ് വിഭാഗത്തിലെ പതിനഞ്ച് ഉദ്യോഗസ്ഥർക്ക് 'ക്യാഷ് ഇൻസെന്റീവ്' നൽകുകയുണ്ടായിയെന്ന് സഭയെ അറിയിച്ചു. നികുതി വെട്ടിപ്പ് കണ്ടെത്തുന്ന ഇന്റലിജൻസ്-ചെക്ക്പോസ്റ്റ്-വാറ്റ് സർക്കിൾ വിഭാഗം ജീവനക്കാർക്ക് അവാർഡ് നൽകുന്ന പദ്ധതി സർക്കാരിന്റെ പിരിഗണനയിലാണ്. ഇതിന്റെ പ്രാരംഭ നടപടിയായി 2009-10 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുകയുണ്ടായി. സംസ്ഥാനത്തിനകത്തും പുറത്തും നികുതി വെട്ടിപ്പ് കണ്ടെത്തിയതായി തെളിയിക്കപ്പെട്ട, നികുതിയും കോമ്പൗണ്ടിംഗ് ഫീസും സർചാർജും വസൂലാക്കിയ കേസിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് ക്യാഷ് ഇൻസെന്റീവും ചെക്ക്പോസ്റ്റുകളിലെ അഴിമതി റിപ്പോർട്ട് ചെയ്ത നാല് മാദ്ധ്യമ പ്രവർത്തകർക്ക് അവാർഡും നൽകിയിട്ടുണ്ട്.

ഏറ്റവും നല്ല നികുതി ദായകർക്ക് എല്ലാ വർഷവും അവാർഡ് നൽകുന്നതിനും ഏഴ് വിഭാഗങ്ങളിലെ ഏറ്റവും നല്ല മൂന്ന് നികുതിദായകരെ വീതം ആദരിക്കുന്നതിനും വാറ്റ് നികുതി സമ്പ്രദായം കൊണ്ടുവരുന്നതിന് സർക്കാരിന്റെ നടപടിക്രമങ്ങളോട് സഹകരിച്ച ചില വ്യാപാരികൾക്ക് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അവാർഡ് പൊതുചടങ്ങിൽ വച്ച് നൽകുന്ന കാര്യം അവാർഡിനെ സംബന്ധിച്ച് തീരുമാനിക്കുമ്പോൾ പരിഗണിക്കുന്നതാണ്. വാണിജ്യ നികുതി വകുപ്പിലെ അപ്പീൽ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കൊല്ലം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ ട്രൈബ്യൂണലുകളും അഡീഷണൽ ബഞ്ചുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഇതിന്റെ പ്രാരംഭ നടപടിയായി 10-03-2010-ലെ ഉത്തരവ് പ്രകാരം 4 ജുഡീഷ്യൽ മെമ്പർമാരുടേയും 8 പ്യൂണുകളുടേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും കെട്ടിക്കിടക്കുന്ന അപ്പീലുകളിന്മേൽ തീർപ്പുണ്ടാക്കുന്നതിന് അസിസ്റ്റന്റ് കമ്മീഷണർമാർക്കുകൂടി അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം നൽകിയി ട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മഞ്ചേശ്വരം, വാളയാർ, അമരവിള ചെക്ക്പോസ്റ്റുകളെയാണ് അഴിമതി രഹിത ചെക്ക്പോസ്റ്റുകളായി പ്രഖ്യാപിച്ചി ട്ടുള്ളത്. ചെക്ക്പോസ്റ്റുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലെല്ലാം ആഗസ്റ്റ് മാസത്തോടുകൂടി സർവെയ്ലൻസ് ക്യാമറകൾ സ്ഥാപിക്കുമെന്നും നികുതി വകുപ്പിന് ഒരു കോടി രൂപയുടെ സീക്രട്ട് ഫണ്ട് നൽകുന്നതാണെന്നും ചെക്ക്പോസ്റ്റുകളിൽ അഡ്വാൻസ് ടാക്സ് മാത്രമാണ് കളക്ട് ചെയ്യുന്നതെന്നും പൊതുവില്പന

നികുതി, സർചാർജ്ജ്, കാർഷികാദായ നികുതി, ആഡംബര നികുതി എന്നിവയുടെ കുടിശ്ശിക വെടിപ്പാക്കൽ പദ്ധതിയിലൂടെ 149 കോടി രൂപ കഴിഞ്ഞ വർഷം പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കോടതി, അപ്പലേറ്റ് അതോറിറ്റി, സർക്കാർ എന്നിവയുടെ സ്റ്റേയുള്ളതൊഴികെ ഇനി കളക്ട് ചെയ്യാനുള്ളത് 673 കോടി രൂപ മാത്രമാണെന്നും ഈ വർഷം ഡിസംബർ മാസംവരെ ഈ സ്കീം നീട്ടിയിട്ടുണ്ടെന്നും സഭയെ മന്ത്രി അറിയിച്ചു. പ്രവർത്തനം നിലച്ച സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് കോടതിയിലുള്ള കേസ്സിൻമേൽ തീർപ്പുണ്ടായാൽ ഈ വർഷംതന്നെ വാളയാർ ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റുന്നതാണെന്നും മഞ്ചേശ്വരം വാണിജ്യ നികുതി ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതാണെന്നും ചെക്ക്പോസ്റ്റുകൾ tighten ചെയ്യുമ്പോൾ ഊട് വഴികളിലൂടെ ചരക്ക് കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

72 (*602) **വിഷൻ 2010**

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വിഷൻ 2010 പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും അനുവദിക്കപ്പെട്ട നിരത്ത്/കെട്ടിട വിഭാഗങ്ങളിലെ മിക്കവാറും പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വിവിധ മണ്ഡലങ്ങളിലായി ഭരണാനുമതി നൽകിയ 322.39 കോടി രൂപയുടെ

പ്രവർത്തികളിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 124.88 കോടി രൂപയുടെയും 158.20 കോടി രൂപയുടേയും കെട്ടിട വിഭാഗത്തിൽ യഥാക്രമം 14.85 കോടി രൂപയുടേയും 24.45 കോടി രൂപയുടേയും പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച 1.062 കോടി രൂപയുടെ മൂന്ന് പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ജല അതോറിറ്റിയുടെ കീഴിൽ ഭരണാനുമതി ലഭിച്ച 3 പദ്ധതികളിൽ 15 ലക്ഷം രൂപയുടെ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അമ്പഴത്തുംചാൽ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ തീർപ്പുകല്പിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു. 98 ലക്ഷം രൂപയുടെ തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ നിയോജകമണ്ഡലത്തിലെ കാനറ പോർഷൻ കുടിവെള്ള പദ്ധതിയുടെ പണി പുരോഗമിച്ചുവരുന്നു. 119.4 ലക്ഷം രൂപയുടെ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം നിയോജകമണ്ഡലത്തിലെ ആര്യാട്-മണ്ണഞ്ചേരി കുടിവെള്ള പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പുതുക്കിയ ഷെഡ്യൂൾ റേറ്റ് നിലവിൽ വന്നിട്ടുണ്ട്. ടെൻഡർ എക്സസ്സ് വന്നാൽ സർക്കാരിന്റെ പ്രത്യേക അനുവാദമില്ലാതെ റീ ടെൻഡർ ചെയ്യണമെന്നുള്ള ഉത്തരവ് 27-07-2010-ൽ ഇറങ്ങുമെന്നും ടെൻഡർ നടപടികളുടെ ദൈർഘ്യം കുറയ്ക്കുന്നതിന് ഇ-ടെൻഡറിംഗിലേയ്ക്ക് പോകേണ്ടിവരുമെന്നും ഒരു ഓഫീസിൽ നിന്നുതന്നെ ടെൻഡർ ഫോം

വാങ്ങിക്കണമെന്നതിനുപകരം ആ ഡിവിഷനിലെ ഏത് ഓഫീസിൽ നിന്നും ഫോം വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും എഗ്രിമെന്റ് പ്രകാരമുള്ള സമയം കഴിഞ്ഞിട്ടും പണി നടന്നുകൊണ്ടിരിക്കുന്ന വർക്കുകളുടെ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും എക്സ്റ്റൻഷൻ കഴിഞ്ഞ വർക്കുകൾക്ക് കോൺട്രാക്ടർമാരിൽ നിന്നും ഫൈൻ ഈടാക്കുന്നതിന് നോട്ടീസ് കൊടുക്കുന്നതാണെന്നും ഇനി എക്സ്റ്റൻഷൻ കൊടുക്കാതെ വർക്ക് ടെർമിനേറ്റ് ചെയ്ത് നഷ്ടപരിഹാരം ഈടാക്കുമെന്നും മന്ത്രി വ്യക്തമാക്കി. പി.ഡബ്ല്യു.ഡി-യിലെ എല്ലാ എ.ഇ. മാർക്കും ലാപ്പ് ടോപ്പോ കമ്പ്യൂട്ടറോ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്ക്കരണം അന്തിമഘട്ടത്തിലാണെന്നും പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗിന് ചെയ്യാൻ കഴിയാത്ത വർക്കുകൾ ഔട്ട് സോഴ്സ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. എം.എൽ.എ.മാരെക്കൂടി പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും പൂർത്തീകരിക്കപ്പെടാത്ത പഴയ വർക്കുകൾക്കാണ് മുൻഗണന നൽകുന്നതെന്നും പകുതിയിൽ നിർത്തിയിരുന്ന പാലങ്ങളുടെ പണി റീടെൻഡർ ചെയ്യുന്നതിന് അനുവാദം കൊടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

73 (*603) <u>വനവികാസ് ഏജൻസിയുടെ പ്രവർത്തനം</u>

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, ഫോറസ്റ്റ് ഡിവിഷൻ തലത്തിൽ 35 വനവികാസ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വി.എസ്.എസ്., ഇ.ഡി.സി എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ദേശീയ വന

വൽക്കരണ പദ്ധതിക്കുള്ള കേന്ദ്ര ഫണ്ട് നേരിട്ട് സ്വീകരിച്ച് പദ്ധതി നടപ്പാക്കുകയുമാണ് വന വികസന ഏജൻസിയുടെ പ്രധാന കർത്തവ്യമെങ്കിലും വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് തടിയിതര വിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയും ഇക്കോടൂറിസം പദ്ധതികളും നടപ്പാക്കുന്നുണ്ട്. വന വികാസ് ഏജൻസികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത വനമേഖലകളിലുംകൂടി ഇത് വ്യാപിപ്പിക്കുന്നതാണ്. മൂല്യവർദ്ധിത ചെറുകിട വനവിഭവങ്ങൾ, ആദിവാസി ഉല്പന്നങ്ങൾ എന്നിവ ഗുണമേന്മ ഉറപ്പുവരുത്തി പ്രകൃതി സൗഹൃദ പായ്ക്കിംഗിൽ വനശ്രീ എന്ന ബ്രാൻഡിൽ വിപണനം ചെയ്യുന്നതിന് ചാലക്കുടി, പറമ്പിക്കുളം, മലമ്പുഴ, കോന്നി, ആലപ്പുഴ എന്നീ സ്ഥലങ്ങളിലെ വനം വകുപ്പ് ആസ്ഥാനങ്ങളിൽ ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും 13 സ്റ്റാളുകൾകൂടി ഈ വർഷം ആരംഭിക്കുന്നതാണെന്നും വിവിധ പ്രദർശനങ്ങൾ, ഓണം മേള എന്നിവയോടനുബന്ധിച്ചുള്ള വനശ്രീ സ്റ്റാളുകൾ വഴിയും ഈ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ടെന്നും വനം വകുപ്പുമായി ബന്ധപ്പെട്ട പരിപാടികളിൽ വനവികാസ് ഏജൻസിയുടെ പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

74 (* 604) <u>റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് നടപടി</u>

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ മുഴുവൻ കുഴികളും അടിയന്തിരമായി അടയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെന്നും 23-07-10 -ലെ കണക്ക് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ 94.9

ശതമാനം കുഴികളും ദേശീയപാതാ വിഭാഗത്തിൻകീഴിലെ നിരത്തുകളിൽ 66 ശതമാനം കുഴികളും അടച്ചുവെന്നും പ്രവർത്തികൾ തുടരുന്നുണ്ടെന്നും മഴ തുടരുന്നതുകൊണ്ട് മുഴുവൻ കുഴികളും അടയ്ക്കാൻ സാധിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. ദേശീയപാതയിലെ 6783 കുഴികളും സംസ്ഥാന റോഡുകളിലെ 5172 കുഴികളും അടയ്ക്കുവാനുള്ളതായി കണക്കാക്കിയിട്ടുണ്ട്. കുഴിയടയ്ക്കൽ പരിപാടി അവലോകനം നടത്തുന്നതിനായി ദിവസേനയുള്ള കണക്കെടുത്ത് പൊതുമരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും കുഴിയടയ്ക്കലിന്റേയും നടന്നുവരുന്ന മറ്റ് മരാമത്ത് പണികളുടേയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ തലത്തിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ. മാരുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം നടന്നുവരുന്നുണ്ടെന്നും അഞ്ച് ജില്ലകളിലേതൊഴികെ അവലോകനം പൂർത്തിയായിട്ടുണ്ടെന്നും കുഴിയടയ്ക്കൽ നടത്തിയതിൽ അഴിമതി നടന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നും ആവശ്യമായ പരിശോധന നടത്താൻ ധനവകുപ്പിലെ ഇൻസ്പെക്ഷൻ വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അടച്ച കുഴികൾ മഴയെത്തുടർന്ന് വീണ്ടും ചിലയിടങ്ങളിൽ ഇളകിയിട്ടുണ്ടെന്നും യാത്രക്കാർക്കും മറ്റും അപകടം വരുത്തിവയ്ക്കുന്ന ഇത്തരം കുഴികൾ നികത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 15-ാം തീയതിക്കുള്ളിൽ റോഡുകളുടെ പാച്ച് വർക്ക് മുഴുവൻ ചെയ്യുന്നതിന് ടെണ്ടർ ഉറപ്പിച്ച് നടപടികൾ ആരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. വർഷാദ്യം വിവിധ വകുപ്പുകൾ ചേർന്ന് അടുത്ത വർഷം ചെയ്യാൻ പോകുന്ന പണികൾ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് എടുക്കുന്ന തീരുമാനപ്രകാരമേ റോഡ്

കുഴിക്കാൻ അനുവദിക്കുകയുള്ളൂവെന്നും ഇനിമുതൽ റോഡിന്റെ റെസ്റ്റോറേഷൻ പി.ഡബ്ല്യു.ഡി. തന്നെ ചെയ്യുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5657 മുതൽ 5906 വരെയുള്ള ചോദ്യങ്ങളിൽ 104 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)